**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2116** **09-02-2023 - ൽ മറുപടിയ്ക്ക്**

**ചികിത്സ ധനസഹായം അവകാശിക്ക് കൈമാറുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചികിത്സ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് 2016 ൽ എ. ഇ. പൗലോസ്, അരിക്കൽ കുരൻ വീട്, പൊയ്ക്കാട്ടുശ്ശേരി, ചെങ്ങമനാട് പി.ഒ. എന്ന വ്യക്തി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ അനുവദിച്ച തുക, ചികിത്സയിലിരിക്കെ ടിയാൻ മരണപ്പെട്ടതിനാൽ അവകാശിയായ ഭാര്യ ശ്രീമതി റാണി പൗലോസിന് തുക അനുവദിക്കണമെന്നുള്ള അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ വ്യക്തമാക്കുമോ; | (എ) | ശ്രീ. എ. ഇ. പൗലോസ് Society for Medical Assistance to the poor' പദ്ധതി പ്രകാരം ധനസഹായത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കു കയും ആയത് പരിഗണിച്ച് ടിയാന് തുക അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ടിയാൻ മരണപ്പെട്ടത് അറിയിച്ചതിനാൽ അനന്തരവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ Relationshlp സർട്ടിഫിക്കറ്റ് ആയിരുന്നു ആദ്യം സമർപ്പിച്ചിരുന്നത്. ആയത് തിരിച്ചയച്ച് അനന്തരവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിരുന്നു.<br><br>കോവിഡ് മഹാമാരി കാലഘട്ടമായ തിനാൽ ഈ കാലയളവിൽ തപാലു കൾ സെക്ഷനിൽ ലഭ്യമാകുവാനും മറ്റും കാലതാമസം നേരിട്ടിരുന്നു. എന്നിരു ന്നാലും അനന്തരവകാശ സർട്ടിഫിക്കറ്റി ന്റെയും മകളുടെ സാക്ഷ്യപത്രത്തി ന്റെയും അടിസ്ഥാനത്തിൽ പൗലോസി ന്റെ നിയമപരമായ അവകാശിക്ക് തുക അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി തുക Credit ചെയ്യുവാൻ അവകാശിയുടെ ബാങ്ക് അക്കൗണ്ട് ലഭ്യമായിരുന്നില്ല. പദ്ധതിയിൽ DBT (Direct Beneficiary Transfer ) മുഖേനയാണ് തുക Credit ചെയ്യുന്നത്. 03/10/2022 തീയതിയിലെ കത്തിൻ പ്രകാരം ശ്രീമതി റാണി പൗലോസ്, ബാങ്ക് പാസ് ബുക്കിന്റെ മുൻപേജിന്റെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് ടു ദി പുവർ പദ്ധതി ഗുണഭോക്താക്കളുടെ ഇരട്ടിപ്പിക്കൽ ഒഴിവാക്കുന്നതിലേക്കായി KASP പദ്ധതിയിൽ ലയിപ്പിച്ചു. ടി പദ്ധതിക്ക് ആവശ്യമായ തുക സംബന്ധിച്ച് സർക്കാരിൽ ലഭ്യമായ പ്രൊപ്പോസൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | എ. ഇ. പൗലോസ് എന്നവർക്ക് അനുവദിച്ച തുക അവകാശികൾക്ക് ലഭിക്കാത്തതുമായി ബന്ധപ്പെട്ട അപേക്ഷയിൽ പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം) (E/6475509/22/M(H,W&CD) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത അപേക്ഷ 18/09/2022 ലെ പി3/142/2022/ ആ.കു.വ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് തുടർ നടപടികൾക്കായി നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത വിഷയം സംബന്ധിച്ച് അനന്തരാവകാശിയായ മാതാവിന് തുക കൈമാറുന്നതിന് തടസ്സമില്ലെന്ന സ്വന്തം മക്കളുടെ സാക്ഷ്യപത്രം RL 560117915IN നമ്പർ രജിസ്റ്റേഡ് പോസ്റ്റായി 11/03/2020 ന് ആരോഗ്യ ഡയറക്ടർക്ക് അയച്ചുനൽകിയിട്ടും 2016 ൽ അനുവദിച്ച തുക നാളിതുവരെ കൈമാറാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ വിഷയത്തിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (സി) | അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകാൻ കാലതാമസം നേരിട്ടതും, അവകാശിയുടെ ബാങ്ക് അക്കൗണ്ട് ലഭ്യമല്ലാതിരുന്നതും, പദ്ധതിയിൽ ഫണ്ട് ഇല്ലാത്തതുമാണ് തുക Credit ചെയ്യുവാൻ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ. ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ ലഭിച്ചാൽ, ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്ത് പുന സമർപ്പിക്കുന്നതി ലേക്കായി അസൽ അപേക്ഷ ഉൾപ്പെടെ അപേക്ഷകർക്ക് തിരിച്ചയയ്ക്കുകയാണ് ചെയ്തിരുന്നത്. ശ്രീ. പൗലോസിന്റെ അപേക്ഷയും ഇപ്രകാരം മടക്കിയിരുന്നതിനാൽ കത്തിന്റെ പകർപ്പുകൾ ലഭ്യമല്ല. തുടർന്ന് ലഭിച്ച രേഖകളുടെ അടിസ്ഥാനത്തിൽ ശ്രീ.എ. ഇ. പൗലോസിന്റെ നിയമ പരമായ അവകാശിക്ക് ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് തുക നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഡി) | അനന്തരാവകാശിയായ ശ്രീമതി റാണി പൗലോസിന് ലഭിക്കേണ്ട തുക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകാൻ കാലതാമസം നേരിട്ടതും, അവകാശിയുടെ ബാങ്ക് അക്കൗണ്ട് ലഭ്യമല്ലാതിരുന്നതും, പദ്ധതിയിൽ ഫണ്ട് ഇല്ലാത്തതുമാണ് തുക Credit ചെയ്യുവാൻ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ. ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ ലഭിച്ചാൽ, ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്ത് പുന സമർപ്പിക്കുന്നതി ലേക്കായി അസൽ അപേക്ഷ ഉൾപ്പെടെ അപേക്ഷകർക്ക് തിരിച്ചയയ്ക്കുകയാണ് ചെയ്തിരുന്നത്. ശ്രീ. പൗലോസിന്റെ അപേക്ഷയും ഇപ്രകാരം മടക്കിയിരുന്നതിനാൽ കത്തിന്റെ പകർപ്പുകൾ ലഭ്യമല്ല. തുടർന്ന് ലഭിച്ച രേഖകളുടെ അടിസ്ഥാനത്തിൽ ശ്രീ.എ. ഇ. പൗലോസിന്റെ നിയമ പരമായ അവകാശിക്ക് ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് തുക നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഇ) | പ്രസ്തുത തുക അനുവദിക്കുന്നതിലെ കാലതാമസത്തിന് കാരണം ഉദ്യോഗസ്ഥ | (ഇ) | പ്രസ്തുത തുക അനുവദിക്കുന്നതിന് കാലതാമസം നേരിട്ടതിന് ഉദ്യോഗസ്ഥ തലത്തിലെ |

| | | | |
|---|---|---|---|
| | തലത്തിലെ വീഴ്ചയാണോ എന്ന് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | വീഴ്ചയുണ്ടായതായി കാണുന്നില്ല. ഫണ്ട് ലഭ്യത കുറവും ആവശ്യമായ രേഖകൾ ലഭ്യമല്ലാതെ യിരുന്നതാണ് കാലതാമസം നേരിട്ട തിന് കാരണമായി കാണുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

I/5425263/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്

18-09-2022,തിരുവനന്തപുരം

നമ്പർ. പി3/142/2022/ആ.കു.വ

പ്രിൻസിപ്പൽ സെക്രട്ടറി

ആരോഗ്യവകുപ്പ് ഡയറക്ടർ

തിരുവനന്തപുരം

സർ,

വിഷയം:- ആരോഗ്യവകുപ്പ്-സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ- ശ്രീ.അൻവർ സാദത്ത്.എം.എൽ.എ സമർപ്പിച്ച അപേക്ഷ- സംബന്ധിച്ച്

സൂചന:- ആലുവ എം.എൽ.എ ശ്രീ.അൻവർ സാദത്ത് ബഹു.ആരോഗ്യവകുപ്പ് മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീ.എം.ഇ.പൗലോസ്, അരീക്കൽ കൂരൻ വീട്, പൊയ്ക്കാട്ടുശ്ശേരി, ചെങ്ങമനാട്.പി.ഒ, എറണാകുളം ജില്ല എന്നയാൾക്ക് 2016 ൽ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി പ്രകാരം അനുവദിച്ച 50,000/- രൂപ ടിയാൻ മരണപ്പെട്ടതിനാൽ ടിയാന്റെ അനന്തരാവകാശികൾക്ക് ടി തുക അനുവദിക്കണമെന്നഭ്യർത്ഥിച്ചു കൊണ്ട് ആലുവ എം.എൽ.എ ശ്രീ.അൻവർ സാദത്ത് ബഹു.ആരോഗ്യവകുപ്പ് മന്ത്രിക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ആയതിൻ മേൽ അടിയന്തിര റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി ടിയാൻ ഹാജരാക്കിയ രേഖകൾ സഹിതം ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

MANU S

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by P K Santhosh

Date: 19-09-2022 09:44:44

സെക്ഷൻ ഓഫീസർ.